REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മുഖ്യമന്ത്രി VD സതീശൻ ഇന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.**
- **സംസ്ഥാനത്തെ മഴക്കാല മുന്നൊരുക്കം സംബന്ധിച്ച ഓൺലൈൻ ഉന്നത തലയോഗം രാവിലെ ചേരും.**
- **രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസിന് റെയിൽവെ മന്ത്രാലയം അനുമതി നൽകി.**
- **ഹജ്ജ് തീർത്ഥാടനത്തിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമത്തിൽ ദശലക്ഷക്കണക്കിന് തീർത്ഥാടകർ പങ്കെടുത്തു - ഗൾഫ് രാജ്യങ്ങളിൽ ഇന്ന് ബലിപെരുന്നാൾ.**
- **IPL ക്രിക്കറ്റ് ക്വാളിഫയർ വൺ മാച്ച് വിജയിച്ച് റോയൽ ചാലഞ്ചേഴ്സ് ബംഗലൂരു ഫൈനലിൽ.**

## വാർത്തകൾ വിശദമായി

മുഖ്യമന്ത്രി VD സതീശൻ ഇന്ന് ആഭ്യന്തരമന്ത്രി അമിത്ഷായുമായി ഡൽഹിയിൽ ചർച്ച നടത്തും. കേരളത്തിൽ നടപ്പാക്കുന്ന പ്രമുഖ പദ്ധതികൾക്ക് കേന്ദ്രസഹായം തേടാനും കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണ ഉറപ്പാക്കാനുമാണ് കൂടിക്കാഴ്ച. തുടർന്ന് മുഖ്യമന്ത്രി ഇന്ന് കേരളത്തിലേക്ക് മടങ്ങും.

ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ധനമന്ത്രി നിർമ്മല സീതാരാമനുമായും VD സതീശൻ ചർച്ച നടത്തിയിരുന്നു.

✪✪✪

സംസ്ഥാനത്തെ മഴക്കാല മുന്നൊരുക്കം സംബന്ധിച്ച ഓൺലൈൻ ഉന്നതതല യോഗം രാവിലെ ചേരും. യോഗത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും കലക്ടർമാരും പങ്കെടുക്കും. വെള്ളപ്പൊക്ക പുനരധിവാസം, മഴക്കാലരോഗ പ്രതിരോധം, ശുചീകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്........

ഇന്നലെ കൊച്ചി നഗരത്തിലെ മഴക്കാല മുന്നൊരുക്കങ്ങൾ മന്ത്രി റോജി M ജോണിന്റെ നേതൃത്വത്തിൽ വിലയിരുത്തി. ദേശീയപാതയിൽ മൂന്നിടത്തെ നിർമ്മാണ അവശിഷ്ടങ്ങൾ ജൂൺ ഒന്നിനകം അടിയന്തരമായി നീക്കം ചെയ്യാൻ ദേശീയപാതാ അതോറിറ്റിക്ക് മന്ത്രി നിർദ്ദേശം നൽകി. നിർമ്മാണ അവശിഷ്ടങ്ങൾ വൻ ഗതാഗതക്കുരുക്കിന് കാരണമാകുന്ന സാഹചര്യത്തിലാണ് നടപടി. പറവൂർ തെക്കേകനാൽ ജൂൺ ഒന്നിന് മുൻപ് വൃത്തിയാക്കാനും മന്ത്രി ആവശ്യപ്പെട്ടു. മെട്രോ നിർമ്മാണ മേഖലയിൽ ഡ്രെയിനേജുകളുടെ ശുചീകരണ ജോലികൾ ഒരാഴ്ചയ്ക്കകം പൂർത്തിയാക്കണമെന്നും മന്ത്രി നിർദേശിച്ചു.

കോഴിക്കോട് ജില്ലയിലെ മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ ഊർജിതമാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും ജില്ലാ കലക്ടർ MS മാധവിക്കുട്ടി വകുപ്പുകൾക്ക് നിർദേശം നൽകി. ജില്ലാ, താലൂക്ക് തല കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കണമെന്നും ടോൾ ഫ്രീ നമ്പറുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കണമെന്നും കലക്ടർ നിർദേശിച്ചു.

✪✪✪

രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസിന് റെയിൽവെ മന്ത്രാലയം അനുമതി നൽകി. ഹരിയാനയിലെ ജിന്ദിനും സോണിപട്ടിനും ഇടയിൽ മണിക്കൂറിൽ 75 കിലോമീറ്റർ വേഗത്തിൽ സർവീസ് നടത്താനാണ് മന്ത്രാലയത്തിന്റെ അനുമതി. ഹൈഡ്രജൻ ഇന്ധന സെല്ലുകൾ ഉപയോഗിച്ച് ഓടുന്ന ട്രെയിനിന് പ്രത്യേക എഞ്ചിൻ ഉണ്ടാവില്ല. ഓരോ കോച്ചിലെയും ഹൈഡ്രജൻ സെല്ലുകൾ ഉപയോഗിക്കുന്ന പവർ റോളിംഗ് സ്റ്റോക്ക് സാങ്കേതിക വിദ്യയാണ് ഈ DEMU ട്രെയിനിൽ ഉപയോഗിക്കുന്നത്.

✪✪✪

CBSE പേയ്മെന്റ് ഗേറ്റ് വേ സംവിധാനം പരിഷ്കരിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ നാല് പ്രധാന പൊതുമേഖലാ ബാങ്കുകളിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

സമയബന്ധിതമായ ഇടപാടുകൾ ഉറപ്പാക്കാനും, പേയ്മെന്റ് പ്രശ്നങ്ങൾ ഉടൻ പരിഹരിക്കാനും, പരാജയപ്പെട്ട പേയ്മെന്റുകൾക്ക് ഓട്ടോമാറ്റിക് റീഫണ്ട് നൽകാനും CBSE യെ സഹായിക്കണമെന്ന് പ്രധാൻ, ബാങ്കുകൾക്ക് നിർദ്ദേശം നൽകി.

✪✪✪

ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിന് ഉപയോഗിക്കുന്ന ഓൺ സ്ക്രീൻ മാർക്കിംഗ് സംവിധാനത്തിൽ ഒരു സുരക്ഷാ ലംഘനവും സംഭവിച്ചിട്ടില്ലെന്ന് CBSE വ്യക്തമാക്കി. മൂല്യനിർണ്ണയ പ്ലാറ്റ്ഫോമിന്റെ സമഗ്രതയും സുരക്ഷയും ഉറപ്പാക്കാൻ ശക്തമായ സുരക്ഷാ സംവിധാനങ്ങൾ നിലവിലുണ്ടെന്നും CBSE അറിയിച്ചു.

✪✪✪

രാജ്യത്തെ നുഴഞ്ഞുകയറ്റം അടക്കം കാരണങ്ങൾ വഴിയുണ്ടാകുന്ന ജനസംഖ്യാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ പരിഹരിക്കാൻ കേന്ദ്രഗവണ്മെന്റ് ഉന്നതതല സമിതി രൂപീകരിച്ചു. സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് പ്രകാശ് പ്രഭാകർ നവോലേക്കർ, സമിതി അധ്യക്ഷനായിരിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ അറിയിച്ചു. സെൻസസ് കമ്മീഷണർ, സാമ്പത്തിക വിദഗ്ധൻ ഡോ. ഷാമിക രവി തുടങ്ങിയവർ ഉൾപ്പെടെ അഞ്ചംഗ സമിതിയെയും നിയമിച്ചു. ഇന്ത്യയിലെ ജനസംഖ്യാപരവും മതപരവും സാമൂഹികവുമായ മാറ്റങ്ങളെക്കുറിച്ച് സമഗ്രമായ വിലയിരുത്തൽ, ഉന്നതതല സമിതി നടത്തും.

✪✪✪

ക്രിമിനൽ കേസിൽ അപ്പീൽക്കോടതി ആദ്യമായി കുറ്റക്കാരനെന്ന് കണ്ടെത്തിയ പ്രതിയിൽ നിന്ന് ശിക്ഷയെ സംബന്ധിച്ച വാദം കേൾക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടു. ശിക്ഷാ കാര്യത്തിൽ തീരുമാനമെടുക്കാൻ കേസ് കീഴ്കോടതിയിലേക്ക് അയക്കുന്ന രീതി അനുചിതമാണെന്ന് സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു. കൽക്കട്ട ഹൈക്കോടതി ഒരു ബലാത്സംഗക്കേസിലെ പ്രതിയെ ശിക്ഷിച്ച ശേഷം അതേപറ്റി വിചാരക്കോടതിയിൽ വാദം കേൾക്കണമെന്ന ഉത്തരവ് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയുടെ പരിഗണനാവേളയിലാണ് സുപ്രീം കോടതിയുടെ പരാമർശം.

✪✪✪

വാഹനങ്ങൾ ഗതാഗത നിയമലംഘനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പിഴയടയ്ക്കാത്ത ഇ-ചലാനുകൾ ഉടൻ പണം നൽകണമെന്നും ആവശ്യപ്പെട്ട് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന സന്ദേശം തെറ്റാണെന്ന് കേന്ദ്ര

ഗവൺമെന്റ് അറിയിച്ചു. സംശയാസ്പദ പേയ്മെന്റ് ലിങ്കുകൾ അടങ്ങിയ വ്യാജ ഇ-ചലാൻ നോട്ടീസുകൾ തട്ടിപ്പുകാർ അയയ്ക്കുന്നുണ്ട്. അത്തരം ലിങ്കുകളിൽ ക്ലിക്കു ചെയ്യുന്നത് സാമ്പത്തിക നഷ്ടത്തിനും ഡാറ്റ ചോർച്ചയ്ക്കും കാരണമാകുമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഫാക്ട് ചെക്ക് യൂണിറ്റ് അറിയിച്ചു.

ഔദ്യോഗിക പരിവാഹൻ പോർട്ടൽ വഴി മാത്രം ട്രാഫിക് ചലാനുകൾ പരിശോധിക്കാനും ഫാക്ട് ചെക്ക് യൂണിറ്റ് ആവശ്യപ്പെട്ടു.

✪✪✪

മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 62-ാം ചരമവാർഷിക ദിനം ഇന്ന്. തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ രാവിലെ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പുഷ്പാർച്ചന നടത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടേയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ മറ്റന്നാൾ വരെ സമർപ്പിക്കാം.

✪✪✪

ലോകത്തെ ദശലക്ഷക്കണക്കിന് തീർത്ഥാടകർ  ഹജ്ജ് തീർത്ഥാടനത്തിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമത്തിൽ പങ്കെടുത്തു. ഇഹ്റാം അഥവാ തുന്നൽ ഇല്ലാത്ത വെള്ള വസ്ത്രം ധരിച്ച തീർത്ഥാടകർ അറഫാ പ്രഭാഷണം കേൾക്കുകയും നമിറ പള്ളിയിൽ ഒരുമിച്ച് പ്രാർത്ഥന നടത്തുകയും ചെയ്തു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്.........

മുസ്ദലിഫയിൽ രാത്രി പ്രാർത്ഥനയ്ക്ക് ശേഷം തീർത്ഥാടകർ ഇന്ന് രാവിലെ മൃഗബലിക്കും പിശാചിനെ കല്ലേറിയുന്നതിനുമായി മിനായിലേക്ക് തിരിക്കും. ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിൽ ഒരു ലക്ഷത്തി 75,000 - ത്തിലധികം ഇന്ത്യക്കാർ പങ്കെടുക്കുന്നുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ബലിപെരുന്നാൾ. ഒമാൻ ഉൾപ്പടെ GCC രാജ്യങ്ങളിൽ പള്ളികളും ഈദ് ഗാഹുകളും ഇന്ന് പ്രാർത്ഥനാനിർഭരമാവും. കേരളത്തിൽ നാളെയാണ് ബലിപെരുന്നാൾ ആഘോഷം.

✪✪✪

സംസ്ഥാനത്ത് തൊഴിലാളി ക്ഷേമം മെച്ചപ്പെടുത്താൻ ക്ഷേമബോർഡുകളെ ശാസ്ത്രീയ പഠനത്തിലൂടെ ശാക്തീകരിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് സൗജന്യ പഠനോപകരണ കിറ്റ് വിതരണം ചെയ്യുന്ന സംസ്ഥാനതല ചടങ്ങ് കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ചരക്കു വാഹനങ്ങളുടെ വാടക നിർണയം, ബസ്-ലോറി തൊഴിലാളികളുടെ വേതനം എന്നീ വിഷയങ്ങളിൽ വിജ്ഞാപനം പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു. ഓട്ടോറിക്ഷാ നിരക്ക് വർദ്ധനയിൽ അന്തിമ തീരുമാനം ഗതാഗത വകുപ്പിന്റെതാണെന്നും ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ഗതാഗതമന്ത്രിക്ക് കൈമാറുമെന്നും ബിന്ദു കൃഷ്ണ പറഞ്ഞു.

✪✪✪

വേനൽമഴയിലും ചുഴലിക്കാറ്റിലും കൃഷിനാശം ഉണ്ടായ കോഴിക്കോട് കാവിലുംപാറ പഞ്ചായത്തിലെ പ്രദേശങ്ങൾ കൃഷിമന്ത്രി T സിദ്ദിഖ് ഇന്ന് നേരിൽ കണ്ട് സ്ഥിതിഗതികൾ വിലയിരുത്തും. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ ഉന്നതതല സംഘവും മന്ത്രിയ്ക്കൊപ്പം ഉണ്ടായിരിക്കും.

മുൻ കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനെ ചോമ്പാലയിലെ വീട്ടിൽ മന്ത്രി സന്ദർശിക്കും.

വൈകിട്ട് കൽപ്പറ്റ മേപ്പാടിയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച ജെസിയുടെ കുടുംബത്തെയും മന്ത്രി നേരിൽ കാണും.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകൾ പരിശീലന കാലത്ത് നേടിയെടുത്ത അഭ്യാസ മുറകൾ അക്കാദമി ഗ്രൗണ്ടിൽ പ്രദർശിപ്പിച്ചു. നാളെത്തെ പാസിംഗ് ഔട്ട് പരേഡിന്റെ ഭാഗമായാണ് പ്രദർശനം ഒരുക്കിയത്.

കേഡറ്റുകളുടെ ബിരുദ ദാനചടങ്ങ് ഇന്നാണ്. നാളെത്തെ പാസിംഗ് ഔട്ട് പരേഡിൽ ദക്ഷിണ നാവിക സേന കമാന്റിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന മുഖ്യാതിഥിയാകും. 311 കേഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്. ഇതിൽ 66 പേർ വനിതാ കേഡറ്റുകളാണ്.

✪✪✪

ഇടുക്കി, ചെറുതോണി അണക്കെട്ടുകൾ സന്ദർശിക്കാൻ ഈ മാസം 31 വരെ പൊതുജനങ്ങൾക്ക് ഗവൺമെന്റ് അനുമതി നൽകി. അറ്റകുറ്റപ്പണിക്ക് തടസ്സം ഉണ്ടാകാത്ത വിധം കാൽനടയാത്രയ്ക്കാണ് അവസരം.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ...

...........വോയ്സ്............

കാലവർഷത്തിന് മുന്നോടിയായുള്ള സുരക്ഷാ ക്രമീകരണങ്ങളും അറ്റകുറ്റപ്പണികളും അണക്കെട്ടിൽ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ബഗ്ഗി കാർ ഗതാഗതം പൂർണ്ണമായും ഒഴിവാക്കി. ഹൈഡൽ ടൂറിസം സെന്ററിന്റെ അഭ്യർത്ഥനയും ജില്ലാ കളക്ടറുടെ റിപ്പോർട്ടും പരിഗണിച്ചാണ് സർക്കാർ തീരുമാനം. ബുധനാഴ്ചകളിലും ജലനിരപ്പ് ഉയരുന്ന സാഹചര്യങ്ങളിലും ശക്തമായ മഴ മുന്നറിയിപ്പുള്ള ദിവസങ്ങളിലും സന്ദർശനത്തിന് വിലക്കുണ്ടാകും. ദുരന്ത നിവാരണ അതോറിറ്റി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ദിവസങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾ അനുവദിക്കില്ല. കർശനമായ സുരക്ഷാ നിയന്ത്രണങ്ങളോടെ മാത്രമായിരിക്കും വിനോദസഞ്ചാരികളെ അണക്കെട്ടിലേക്ക് പ്രവേശിപ്പിക്കുക.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയിൽ CBI അന്വേഷണം പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് BJP, MLA മാർ മുഖ്യമന്ത്രി VD സതീശന് കത്തുനൽകി. ശബരിമല പ്രക്ഷോഭത്തിൽ വിശ്വാസികൾക്കെതിരെയെടുത്ത മുഴുവൻ കേസുകളും പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

IPL ക്രിക്കറ്റ് ക്വാളിഫയർ വൺ മാച്ച് വിജയിച്ച് റോയൽ ചാലഞ്ചേഴ്സ് ബംഗലൂരു ഫൈനലിലെത്തി. ധർമ്മശാലയിൽ ഗുജറാത്ത് ടൈറ്റൻസിനെ 92 റൺസിന് തോൽപ്പിച്ചാണ് റോയൽ ചാലഞ്ചേഴ്സ് ഫൈനൽ ബെർത്ത് സ്വന്തമാക്കിയത്.

ഇന്ന്, എലിമിനേറ്റർ മാച്ചിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിടും. മൊഹാലിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. ഗുജറാത്ത് ടൈറ്റൻസ് ഈ മത്സരത്തിലെ ജേതാക്കളുമായി ഫൈനൽ ബെർത്തിനായി രണ്ടാം ക്വാളിഫയറിൽ മത്സരിക്കും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെ വരെ ഇടിമിന്നലോട് കൂടി ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

വിവരാവകാശം ആരുടെയും ഔദാര്യമല്ലെന്നും അത് പിടിച്ചുവാങ്ങേണ്ടതല്ലെന്നും സംസ്ഥാന വിവരാവകാശ കമ്മീഷണർ TK രാമകൃഷ്ണൻ വ്യക്തമാക്കി. അപേക്ഷകരോട് ഓഫീസിലെത്തി ഫയൽ പരിശോധിച്ച് രേഖകളുടെ പകർപ്പ് എടുക്കാമെന്ന് മറുപടി നൽകുന്നത് ഉചിതമല്ല.

✪✪✪

കോഴിക്കോട് പന്തീരാങ്കാവിൽ വിദ്യാർത്ഥിയെ വീട്ടിൽ വെടിയേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. കാർത്തിക് എന്ന 19 കാരനാണ് മരിച്ചത്. രാത്രി കുടുംബാഗങ്ങൾ വീട്ടിൽ ഇല്ലാത്ത സമയത്തായിരുന്നു സംഭവം.

✪✪✪

വണ്ടൂരിൽ CPIM പ്രവർത്തകനെ അക്രമിച്ച കേസിൽ രണ്ടു പേരെ വണ്ടൂർ പോലീസ് അറസ്റ്റു ചെയ്തു. ഇവർക്കെതിരെ വധശ്രമം അടക്കം വകുപ്പുകൾ ചുമത്തി. കാപ്പിൽ ചൗക്കിയിലെ ബാർബർ ഷോപ്പിൽ കഴിഞ്ഞ ഞായറാഴ്ച മൂലങ്ങാടൻ സാജുവിനെ അക്രമിച്ച കേസിലാണ് അറസ്റ്റ്.

✪✪✪

*News Editor: ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്, നിമിഷ ജി,*
*DEO : സി കെ സുബോധ്*

आकाशवाणी